മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശക്കരയുടെ വില പരിഹരിക്കുവാനാണ് എന്നു പറയുന്നത് പഞ്ചസാരക്ക വില കൂട്ടുവാൻ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഒന്നല്ലെ എന്നു അനേഷിക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അനേഷിക്കാം.

POLICE LINE—NEMMARA POLICE STATION—LAND ACQUISITION

225. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) നെമ്മാറ പോലീസ് സ്റ്റേഷനടുത്തു പോലീസ് ലൈൻ കെട്ടേണ്ട ആവശ്യത്തിനു സ്ഥലം അകപയർചെയ്തു എടുത്തിട്ട് എത്ര കാലമായി;

(ബി) ടി സ്ഥലത്തു ലൈൻ പണിയാത്തതിനു കാരണമെന്താണ്;

(സി) ടി സ്ഥലത്തു വല്ല കൃഷിയും ചെയ്യാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കൃഷിചെയ്തുവന്നിരുന്ന സ്ഥലമായിരുന്നിട്ടും എന്തുകൊണ്ടു കൃഷി ചെയ്യുന്നില്ല?

റാവുബഹദൂർ ടി. കെ. നായർ: (എ) ഉ ണ്ട് കൊല്ലം. (ഉ ദ ാ ഹ ര ണ ത്തിൽ ആണ് സ്ഥലം അകപയർ ചെയ്തതു.)

(ബി) വേണ്ടത്ര പണം അലോട്ടുചെയ്യുവാൻ സാധിക്കാത്തതുകൊണ്ടു.

(സി) ഇല്ല.

(ഡി) അടുത്തകാലംവരെ മലവക ഡിപ്പാർട്ടുമെണ്ടുവക തടികൾ ആ സ്ഥലത്തു ശേഖരിച്ചിരുന്നു. സ്ഥലം അധികഭാഗവും പനവൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞുനില്ക്കുന്നു. ഉദ്ദേശം രണ്ടുകൊല്ലങ്ങൾക്കു മുമ്പു കൊള്ളികൃഷി നടത്തിനോക്കി. പക്ഷെ അതു ഫലപ്രദമായില്ല.

മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: ഈ അകപയർസ്ഥലത്തു മുമ്പു നെൽകൃഷി ചെയ്തിരുന്നതാണ്. അതുകൊണ്ടു ഗവർമ്മെണ്ടു അവിടെ കെട്ടിടം കെട്ടുന്നില്ലെങ്കിൽ അതു മടക്കിക്കൊടുത്താൽ തരക്കേടില്ല. അന്നല്ലെങ്കിൽ ഗവർമ്മെണ്ടു അവിടെ കെട്ടിടം കെട്ടണം. അല്ലെങ്കിൽ ഗവർമ്മെണ്ടു അതു മടക്കിക്കൊടുക്കണം. ഇതു രണ്ടിലൊന്നു ചെയ്താൽ തരക്കേടില്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: പോലീസു ലൈൻ കെട്ടുവാൻ എത്ര സംഖ്യവേണമെന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഏകദേശം ആറായിരം ഉറുപ്പികയോളം വരും.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ആറായിരം ഉറുപ്പിക ഉണ്ടാക്കുവാനായിട്ടു കൊച്ചിഗവർമ്മെണ്ടിനു പതിനേഴുകൊല്ലമായിട്ടും സാധിച്ചിട്ടില്ലെന്നാണൊ പറയുന്നതു?

റാവുബഹദൂർ ടി. കെ. നായർ: മറുപടി കണ്ടാൽ എതാണ്ടു അങ്ങിനെതന്നെയാണ് എനിക്കും തോന്നുന്നതു. മേലിൽ അതു ചെയ്യുവാനായിട്ടു ആലോചിക്കാം.

മിസ്റ്റർ പി. ശങ്കരമേനോൻ: ആദ്യം എസ്റ്റിമേറു തയ്യാറാക്കാതെയാണൊ ഈ അകപിസിഷൻ നടത്തിയതു?

റാവുബഹദൂർ ടി. കെ. നായർ: ആദ്യം എസ്റ്റിമേറു തയ്യാറാക്കിയിട്ടുണ്ടോ എന്നു നോക്കണം.

TENDER FOR SOFT WOOD—CHALAKKUDI DEPOT—PARTICULARS OF

226. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫർണ്ണിച്ചറിൽ ചാലക്കുടി ഡെപ്പോവിൽനിന്നു ൨, ൦ ൦ ൦ ടൺ സോഫ്ടു വുഡ് ടെണ്ടർ വിളിക്കുകയുണ്ടായോ;

(ബി) നാരകശ്ശേരി ബാലകൃഷ്ണൻ എന്നൊരാളും വി. കെ. ശ്രീധരൻ എന്നൊരാളും ചേർന്നു ഫർണ്ണിച്ചർ ഗ്രൂപ്പാ റേറിൽ ആ തടിക്കു ടെണ്ടർ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഈ തടിക്കു വേറെ ആരെല്ലാമാണു ഏതു റേറിനു ടെണ്ടർ നൽകിയിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly